**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2372** **16-03-2022 - ൽ മറുപടിയ്ക്ക്**

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം, നിർമ്മാണം നടന്നുവരുന്ന വീടുകളുടെ എണ്ണം എന്നിവ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം, നിർമ്മാണം നടന്നുവരുന്ന വീടുകളുടെ എണ്ണം എന്നിവയുടെ തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു. ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം 669 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടുകയുണ്ടായി. അതിൽ 419 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 250 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. |
| (ബി) | ഭൂരഹിതരും ഭവനരഹിതരുമായവരുടെ എത്ര അപേക്ഷകളാണ് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (ബി) | ലൈഫ് 2020 പ്രകാരം പുതുതായി ലഭിച്ച ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും അപേക്ഷകൾ സംബന്ധിച്ച വിവരം തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. ഫീൽഡ് തല വെരിഫിക്കേഷന് ശേഷം ഗ്രാമപഞ്ചായത്തുകളിൽ അർഹരായി കണ്ടെത്തിയിട്ടുള്ള അപേക്ഷകളിന്മേൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുന:പരിശോധനയും ഒന്ന്, രണ്ട് ഘട്ട അപ്പീലുകൾക്കും ഗ്രാമ സഭ/വാർഡ് സഭ അംഗീകാരത്തിനും ഭരണ സമിതി അംഗീകാരത്തിനും ശേഷം പട്ടിക അന്തിമമാക്കുന്നതിന് നടപടി സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ